നം. സി.ഇ.ഇ/1717/2010/കെഇഎം-2011/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**വിജ്ഞാപനം**

## കേരള എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശനം 2011 : നാലാം ഘട്ട അലോട്ടുമെന്റ് 18.09.2011 ന് പ്രസിദ്ധീകരിക്കുന്നു

2011 ലെ വിവിധ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള നാലാം ഘട്ട അലോട്ടുമെന്റിലേക്ക്, വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും 14.09.2011 മുതൽ 16.09.2011 വരെ സൗകര്യം നൽകിയിരുന്നു. സെപ്റ്റംബർ 16-ാം തീയതി വൈകുന്നേരം 5 മണി വരെ രജിസ്റ്റർ ചെയ്ത ഓപ്ഷനുകളുടെ അടിസ്ഥാനത്തിലുള്ള നാലാം ഘട്ട അലോട്ടുമെന്റ് **18.09.2011** ന് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റിന്റെ വിശദാംശങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ഇതിന്റെ പ്രിന്റൗട്ട് വിദ്യാർത്ഥിക്ക് എടുക്കാവുന്നതാണ്.

നാലാം ഘട്ട അലോട്ടുമെന്റ് പ്രകാരം കോളേജ്/കോഴ്സ് മാറ്റം ലഭിക്കുന്നവർ/പുതുതായി അലോട്ട്മെന്റ് ലഭിക്കുന്നവർ, ഫീസ്/അധിക ഫീസ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിൽ (ലിസ്റ്റ് <u>www.cee-kerala.org</u> എന്ന വെബ്സൈറ്റിൽ ലഭ്യമാണ്) **19.09.2011, 20.09.2011, 22.09.2011** എന്നീ തീയതികളിൽ ഒടുക്കിയതിനുശേഷം അതാതു കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

**<u>22.09.2011 ന് എല്ലാ കോഴ്സുകളിലേക്കുമുള്ള ക്ലാസുകൾ ആരംഭിക്കുന്നതാണ്.</u>**

**22.09.2011 ന് വൈകുന്നേരം 5 മണിക്കു മുമ്പ്** എല്ലാ കോളേജ് അധികാരികളും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നോൺ ജോയിനിംഗ് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

രണ്ടാം ഘട്ട അലോട്ട്മെന്റിൽ ഉൾപ്പെടുത്തിയിരുന്ന 75 സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ അലോട്ട്മെന്റ് നടപടികൾ ഈ അലോട്ട്മെന്റോടുകൂടി (നാലാം ഘട്ടം) അവസാനിക്കുന്നതാണ്. നാലാം ഘട്ട അലോട്ട്മെന്റ് പ്രകാരം ഈ 75 സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ഏതിലെങ്കിലും അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ നിർബന്ധമായും അലോട്ടുമെന്റ് ലഭിക്കുന്ന കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. അല്ലാത്തപക്ഷം പ്രോസ്പെക്ടസിലെ ക്ലോസ് 12.2.4 (c) പ്രകാരമുള്ള പിഴ നൽകാൻ ബാധ്യസ്ഥരായിരിക്കും. രണ്ടാം ഘട്ട അലോട്ടുമെന്റിൽ ഉൾപ്പെടുത്തിയിരുന്ന 75 സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ എല്ലാ ഹയർ ഓപ്ഷനുകളും റദ്ദ് ചെയ്യുന്നതാണ്.

മൂന്നും നാലും ഘട്ട അലോട്ട്മെന്റ് മുതൽ ഉൾപ്പെടുത്തിയിട്ടുള്ള സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അലോട്ട്മെന്റ് നടപടികൾ തുടരുന്നതാണ്.

നാലാം ഘട്ട അലോട്ട്മെന്റിനുശേഷം MBBS/BDS കോഴ്സുകൾക്ക് മാത്രമായി **23.09.2011** ന് ഒരു അലോട്ട്മെന്റ് കൂടി **(അഞ്ചാം ഘട്ട അലോട്ട്മെന്റ്)** പ്രസിദ്ധീകരിക്കുന്നതാണ്. ഈ അലോട്ട്മെന്റ് പ്രകാരം പുതുതായി അലോട്ട്മെന്റ് ലഭിക്കുന്നവർ/കോളേജ് മാറ്റം ലഭിക്കുന്നവർ ഫീസ്/അധിക ഫീസ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിൽ ഒടുക്കിയതിനുശേഷം, **സെപ്റ്റംബർ 24, 25 തീയതികളിൽ** അതാത് കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

**25.09.2011** ന് സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിൽ MBBS/BDS കോഴ്സുകളി ലേക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് നടപടികൾ അവസാനിക്കുന്നു.

മെഡിക്കൽ/ഡന്റൽ കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ ഇവിടെ ചേർന്ന് പഠിക്കാൻ ബാധ്യസ്ഥരായിരിക്കും. ഈ കോളേജുകളിൽ ലഭിക്കുന്ന അലോട്ട്മെന്റ്/അഡ്മിഷൻ യാതൊരു കാരണവശാലും ക്യാൻസൽ ചെയ്യാൻ അനുവദിക്കുന്നതല്ല. ഏതെങ്കിലും കാരണവശാൽ ഈ കോളേജുകളിലേക്ക് അനാവശ്യ ഓപ്ഷനുകൾ നൽകി MBBS/BDS കോഴ്സുകളുടെ സർക്കാർ സീറ്റുകൾ ലാപ്സാക്കുന്ന വിദ്യാർത്ഥികൾ 2011 ലെ പ്രോസ്പെക്ടസ് വ്യവസ്ഥ പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് ഒടുക്കേണ്ടിവരുന്നതായിരിക്കും. ഇവരുടെ കാൻഡിഡേച്ചർ ക്യാൻസൽ ചെയ്യുന്നതും മെഡിക്കൽ/ഡന്റൽ കൗൺസിൽ വഴി 2011 വർഷത്തിൽ മറ്റ് കോളേജുകളിൽ MBBS/BDS കോഴ്സിന് പഠിക്കാൻ ഇവരെ അയോഗ്യരാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമായിരിക്കും. ഈ വിദ്യാർത്ഥികളെ അടുത്ത രണ്ടു വർഷത്തേക്ക് എൻട്രൻസ് പരീക്ഷ എഴുതുന്നതിന് വിലക്ക് ഏർപ്പെടുത്തുന്നതുമായിരിക്കും.

എഞ്ചിനീയറിംഗ്/ആയുർവ്വേദ കോഴ്സുകൾക്കുള്ള അലോട്ടുമെന്റ് ബഹു:ഹൈക്കോടതി യിൽ നിലവിലുള്ള കേസുകളിലെ വിധിക്ക് വിധേയമായിരിക്കുന്നതാണ്.

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും **www.cee-kerala.org** എന്ന വെബ്സൈറ്റിലും ലഭിക്കുന്നതാണ്. ഹെൽപ്പ് ലൈൻ നമ്പർ : **0471 - 2339101, 2339102, 2339103, 2339104** (രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ).

തിരുവനന്തപുരം
17.09.2011

**പ്രവേശന പരീക്ഷാ കമ്മീഷണർ**